# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *266 12.03.2018ൽ മറുപടി നൽകേണ്ടത്.

## വിഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. ഉണ്ണി<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.എം.രാജഗോപാലൻ | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | വിഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ഉൾപ്പെടെ പഠന-പഠനേതര പിന്തുണ ഉറപ്പാക്കുന്നതിനായി സംയോജിത വിദ്യാഭ്യാസ പദ്ധതി, അന്ധ/ബധിര വിദ്യാർത്ഥികൾക്കായി സർക്കാർ/എയ്ഡഡ് മേഖലകളിൽ പ്രത്യേകം സ്പെഷ്യൽ സ്കൂളുകൾ, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സ്പെഷ്യൽ സ്കൂൾ, ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സി.എച്ച് മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി) വഴി തൊഴിൽ പരിശീലനം തുടങ്ങിയ വിപുലമായ പദ്ധതികളാണ് ഇത്തരം കുട്ടികളുടെ വിദ്യാഭ്യാസത്തിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. |
| (ബി) | സർക്കാർ സ്പെഷ്യൽ സ്കൂളുകളിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം വർദ്ധിപ്പിക്കുന്നതിനും സഹായകമായ അധ്യാപന-പഠന സാമഗ്രികൾ വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | സംസ്ഥാനത്തെ അന്ധ/ബധിര വിദ്യാർത്ഥികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനുമായി ആവശ്യമായ സാമ്പത്തിക സഹായം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകിവരുന്നുണ്ട്. വൈകല്യമുള്ള കുട്ടികളുടെ പഠനം ഉറപ്പാക്കുന്നതിന് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) മുഖേന സ്പെഷ്യൽ എഡ്യൂക്കേഷനിൽ ഡിഗ്രി/ഡിപ്ലോമ ഉള്ള 849 റിസോഴ്സ് അദ്ധ്യാപകരെ പൊതു വിദ്യാലയങ്ങളിൽ നിയമിച്ചിട്ടുണ്ട്. ഈ അദ്ധ്യാപകർക്കും മറ്റ് റഗുലർ അദ്ധ്യാപകർക്കും കരിക്കുലം അനുരൂപീകരണം, പഠനോപകരണ അനുരൂപീകരണം, പാഠാസൂത്രണം, വിനിമയ |

| | | | |
|---|---|---|---|
| | | | മാർഗ്ഗങ്ങൾ എന്നിവയിൽ പരിശീലനം നൽകി വരുന്നുണ്ട്. ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലായി 9 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന 19096 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആർ.എം.എസ്.എ മുഖേന നടപ്പ സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരം വ്യക്തിഗത സഹായം നൽകിവരുന്നുണ്ട്.<br>(എ) ബുക്ക്/സ്റ്റേഷനി എന്നിവ വാങ്ങുന്നതിന് ഒരു കുട്ടിയ്ക്ക് 470/-രൂപ വീതം<br>(ബി) എസ്കോർട്ട് അലവൻസ് ഒരു കുട്ടിയ്ക്ക് 470/- (1500 കുട്ടികൾക്ക്)<br>(സി) ഹോസ്റ്റലിൽ താമസിക്കുന്ന 30 കുട്ടികൾക്ക് മാസംതോറും 1000/- രൂപാ ക്രമത്തിൽ പത്തുമാസത്തേയ്ക്ക് ഒരു കുട്ടിയ്ക്ക് 10,000/- രൂപ ഹോസ്റ്റൽ അലവൻസ്<br>(ഡി) പൂർണ്ണമായും കാഴ്ചയില്ലാത്ത 455 കുട്ടികൾക്ക് 470/- രൂപ ക്രമത്തിൽ റീഡർ അലവൻസ്<br>(ഇ) 7547 ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്ക് 2000/- രൂപ ക്രമത്തിൽ സ്റ്റൈപെന്റ്<br>(എഫ്) ഭിന്നശേഷിക്കാരായ 19096 കുട്ടികൾക്ക് 470/- രൂപ വീതം യൂണിഫോം അലവൻസ്<br>(ജി) 1500 കുട്ടികൾക്ക് 1245/- രൂപ ക്രമത്തിൽ സഹായ ഉപകരണങ്ങൾ. കൂടാതെ 14 ജില്ലകൾക്കും ഹോർട്ടികൾച്ചർ തെറാപ്പിക്കായി 21 ലക്ഷം രൂപ എം.എച്ച്.ആർ.ഡിയും അനുവദിച്ചിട്ടുണ്ട്.<br>ഭിന്ന ശേഷിക്കാരായ കുട്ടികളുടെ പഠനത്തിന് അനുകൂല ചുറ്റുപാട് ഒരുക്കാൻ ഒരു ബ്ലോക്കിന് 10,000/- രൂപ ക്രമത്തിൽ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തുന്നു. ഇവരുടെ പഠനത്തിന് സഹായമായി 209 റിസോഴ്സ് റൂം, 23 റിസോഴ്സ് സെന്റർ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്.<br>എസ്.സി.ഇ.ആർ.റ്റി. മുഖേന വൈകല്യമുള്ള കുട്ടികളുടെ സമഗ്ര വികസനത്തിനായി ചുവടെ പറയും പ്രകാരമുള്ള അക്കാഡമിക് പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>(എ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന |

| | | | |
|---|---|---|---|
| | | | കുട്ടികൾക്കായി സവിശേഷ പാഠ്യപദ്ധതിയും 7 മുതൽ 11 വയസ്സുവരെയുള്ള കുട്ടികൾക്കായി പ്രവർത്തന പാക്കേജും തയ്യാറാക്കിയിട്ടുണ്ട്.<br>(ബി) കൂടാതെ അദ്ധ്യാപക പരിശീലനത്തിനുള്ള മൊഡ്യൂൾ തയ്യാറാക്കി അദ്ധ്യാപക ശാക്തീകരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. സാമൂഹ്യ നീതി വകുപ്പ്, കുടുംബശ്രീ, ബഡ്സ് സ്കൂൾ, എസ്.ഐ.എം.സി എന്നിവരുടെ സാമ്പത്തിക സഹായത്തോടെ എല്ലാ ജില്ലകളിലുമായി 40 ബാച്ച് പരിശീലനം നടന്നു കഴിഞ്ഞു.<br>(സി) കാഴ്ചപരമായി വെല്ലുവിളികൾ നേരിടുന്നവർക്കായി 'ശാരദാ ബ്രെയിൽ റൈറ്റർ' എന്ന കമ്പ്യൂട്ടർ പ്രോഗ്രാം ഉപയോഗിക്കുന്നതിന്റെ അദ്ധ്യാപക ശാക്തീരണ മൊഡ്യൂൾ തയ്യാറാക്കി പരിശീലനം നടത്തി വരുന്നു.<br>(ഡി) ഹയർ സെക്കന്ററി സയൻസ് ബാച്ചിൽ പഠിക്കുന്ന കാഴ്ച പരിമിതി ഉള്ള വിദ്യാർത്ഥികൾക്കായി പ്രാക്ടിക്കൽ ലാബ് വർക്കിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി ഹയർ സെക്കന്ററി വകുപ്പിന് നൽകിയിട്ടുണ്ട്.<br>(ഇ) ശ്രവണപരമായി വെല്ലുവിളികൾ നേരിടുന്ന 5 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്ക് സിലബസിലും അദ്ധ്യാപക സഹായിയിലും എല്ലാ വിഷയങ്ങളിലും അനുരൂപീകരണം നടത്തിയിട്ടുണ്ട്. കൂടാതെ 1 മുതൽ 4-ാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രവേശിക പാഠം വിനിമയം ചെയ്യുന്നതിനായി അദ്ധ്യാപക പരിശീലനത്തിന്റെ മൊഡ്യൂൾ തയ്യാറാക്കുയും സംസ്ഥാന തല പരിശീലനം 1, 2 ക്ലാസുകളിൽ പഠിപ്പിക്കുന്ന എല്ലാ സ്പെഷ്യൽ സ്കൂൾ (ശ്രവണ പരിമിതി) അദ്ധ്യാപകർക്കും നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വിദ്യാർത്ഥികൾക്കായി ഡിജിറ്റൽ മോഡിലുള്ള ക്ലാസുകൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്കുള്ള പരിശീലനത്തിനും ഓഡിയോ ലോജിക്കൽ ലാംഗ്വേജ് ലാബ് സ്ഥാപിക്കുന്നതിനും പ്രത്യേക ഊന്നൽ നൽകാനുദ്ദേശിക്കുന്നുണ്ടോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഡി) | സ്പെഷ്യൽ സ്കൂളുകളിൽ പ്രത്യേക കലോത്സവം, തൊഴിൽ പരിചയ മേളകൾ, അത്‌ലറ്റിക് മീറ്റുകൾ എന്നിവ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം, സംസ്ഥാന സ്പെഷ്യൽ സ്കൂൾ പ്രവർത്തി പരിചയമേള എന്നിവ നടത്തി വരുന്നു. എന്നാൽ അത്‌ലറ്റിക് മീറ്റുകൾ വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ